**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4854** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര വകുപ്പ് മുഖേന അനുമതി ലഭിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ 2016-ന് ശേഷം നാളിതുവരെ ആഭ്യന്തര വകുപ്പ് മുഖേന അനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് അറുപതു ലക്ഷം രൂപ (60,00,000/- രൂപ) അനുവദിച്ചിട്ടുണ്ട്. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കായംകുളം നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് നിലയതല, ജില്ലാതല, സംസ്ഥാനതല പരിശീലനം നൽകുകയും അവരുടെ സേവനം സ്റ്റേഷൻ പരിധിയിൽ പ്രയോജനപ്പെടുത്തിയും വരുന്നു. വാർഷിക പദ്ധതിയിനത്തിലെയും മറ്റും ഫണ്ടുകൾ ഉപയോഗിച്ച് കായംകുളം നിലയത്തിൽ വാഹനങ്ങളെയും ഉപകരണങ്ങളെയും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കായംകുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 15.06.2019 ൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ